(ബി) സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി 25-6-1996-ലെ സർക്കാർ ഉത്തരവ് ആർ.റ്റി.5494/96/ജി.എ.ഡി. പ്രകാരം തിരുവനന്തപുരം ആസ്ഥാനമായി ഒരു പോലീസ് സൂപ്രണ്ടിന്റെ കീഴിൽ ഒരു വനിതാസെൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ 17 പോലീസ് ജില്ലാ ഓഫീസുകളോടനുബന്ധിച്ചും ക്രൈം ഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്.പി.-യുടെ ചുമതലയിൽ ഓരോ വനിതാ സെൽ പ്രവർത്തിക്കുന്നു. ബസ് സ്റ്റാന്റ്, ബസ് സ്റ്റോപ്പ്, പ്രധാനപ്പെട്ട കവലകൾ, ട്രെയിൻ, റെയിൽവേ പരിസരങ്ങൾ എന്നിവിടങ്ങളിൽ പോലീസ് പട്രോളിംഗ്, ബീറ്റ്, മൊബൈൽ പട്രോളിംഗ് തുടങ്ങിയവയിൽക്കൂടി കർശന നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ 'കേരള റേഞ്ചേഴ്സ്' എന്ന പേരിൽ മോട്ടോർ സൈക്കിൾ പട്രോളുകളും, പൂവാലൻമാരെ തിരഞ്ഞുപിടിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുണ്ട്. സ്ത്രീകൾക്കെതിരെ അതിക്രമം നടന്നതായി പരാതി ലഭിച്ചാൽ ഉടൻതന്നെ കേസ് രജിസ്റ്റർ ചെയ്ത് കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ഇതു കൂടാതെ ചാർജ്ജിംഗ് അധികാരത്തോടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് സിറ്റികളിൽ '3' വനിതാ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചു വരുന്നു. വനിതകൾക്ക് പോലീസ് സ്റ്റേഷനുകളിൽ നിസ്സങ്കോചം പോയി പരാതി നൽകുന്നതിനുള്ള പരിതസ്ഥിതി ഉണ്ടാക്കുന്നതിനായി എല്ലാ പോലീസ് സ്റ്റേഷനിലും വനിതാ പോലീസ് സാന്നിദ്ധ്യം ഉണ്ടാകുന്നതിനായി വനിതാ പ്രാതിനിധ്യം 10 ശതമാനമായി ഉയർത്തിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടില്ല.

(ഡി) 'സി'യുടെ ഉത്തരം അനുസരിച്ച് ബാധകമല്ല

(ഇ) ഇല്ല. സ്ത്രീ പീഡന കേസുകൾ നീതിയുക്തമായി അന്വേഷണ വിധേയമാക്കി കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(എഫ്) പോലീസ് പ്രതികളായ സ്ത്രീ പീഡനകേസുകളിൽ നീതിയുക്തമായ അന്വേഷണം നടത്തുന്നുണ്ട്. ഇത്തരം കേസുകളിൽ പ്രതികളെ കുറ്റവിമുക്തമാക്കുന്നതിന് പോലീസ് ഒത്താശ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്ത്രീ പീഡന കേസുകളിൽ പ്രതികളാകുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന നിയമ നടപടികളും വകുപ്പുതല ശിക്ഷാ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. മേൽപ്പടി കേസുകളിലായി '42' പോലീസുകാർക്കെതിരെ നിയമ നടപടിയും, വകുപ്പുതല ശിക്ഷാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനത്തിന് ചെലവഴിക്കാത്ത തുക

* 19 [169] ശ്രീ. ടി. വി. ചന്ദ്രമോഹൻ:

,, തേറമ്പിൽ രാമകൃഷ്ണൻ:

,, എം. കെ. പോൾസൺ മാസ്റ്റർ:

,, എൻ. ശക്തൻ:

,, എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനത്തിനുവേണ്ടി ഗവൺമെന്റ് നൽകിയ തുകയിൽ ചെലവഴിക്കാതെ ബാക്കി വന്ന തുക സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ ട്രഷറിയിൽ അടയ്ക്കണമെന്ന് ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിർദ്ദേശം എത്ര തദ്ദേശഭരണ സ്ഥാപനങ്ങൾ പാലിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്;

(സി) ഈ നിർദ്ദേശം പാലിക്കാത്ത എത്ര തദ്ദേശഭരണ സ്ഥാപനങ്ങൾ ഉണ്ടെന്നു വെളിപ്പെടുത്തുമോ;

(ഡി) ഈ നിർദ്ദേശം അനുസരിക്കാത്ത തദ്ദേശ ഭരണ സ്ഥപനങ്ങൾ ആകെ എത്ര തുകയാണ് ട്രഷറിയിൽ അടയ്ക്കാതെ കൈവശം വച്ചത് എന്ന് വെളിപ്പെടുത്തുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) ഉണ്ട്.

(ബി) ഈ നിർദ്ദേശം എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും പാലിച്ചിട്ടുണ്ട്.

(സി ആന്റ് ഡി) ചോദ്യം ഉദിക്കുന്നില്ല.

ആദിവാസി-ദളിത്-പിന്നോക്ക മേഖലയിൽ വൈദ്യുതി എത്തിക്കാൻ നടപടി

* 20 [170] ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി-പിന്നോക്ക മേഖലകളിൽ വൈദ്യുതി എത്താത്ത സ്ഥലങ്ങളുണ്ടെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർ താമസിക്കുന്ന ചെറിയ ചെറിയ കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് വരുന്ന ചെലവിന് അനുസരിച്ചുള്ള ഗുണഭോക്താക്കളില്ല എന്ന കാരണത്താൽ പല പ്രോജക്ടുകളും നടപ്പിലാക്കാൻ കഴിയാതെ വരുകയും അർഹതയുള്ള പലർക്കും വൈദ്യുതി ലഭിക്കാതെ വരികയും ചെയ്യുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിക്കുമോ;

(സി) ദളിത്-ആദിവാസി മേഖലകൾ കൂടുതലും വനപ്രദേശങ്ങളിലായതിനാൽ ഈ വിഭാഗങ്ങൾക്ക് വൈദ്യുതി എത്തിക്കുന്നതിന് വനം വകുപ്പ് തടസ്സം നിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത്തരം തടസ്സങ്ങൾ ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly